(എ) കഴിഞ്ഞ വർഷത്തെ എസ്.എസ്.എൽ.സി. ഹയർ സെക്കണ്ടറി പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിന് സർക്കാർ തലത്തിൽ സ്പെഷ്യൽ സ്ക്വാഡുകൾ ഏർപ്പെടുത്തിയിരുന്നുവോ; എങ്കിൽ എത്ര സ്ക്വാഡുകളാണ് പ്രവർത്തിച്ചത്; ഇതിനായി എത്ര തുക ചെലവഴിച്ചു;

(ബി) ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സർക്കാരിന് എത്ര റിപ്പോർട്ടുകൾ കിട്ടി; റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട എത്ര ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്രമക്കേടുകൾ പരിശോധിക്കുന്നതിന് സ്പെഷ്യൽ സ്ക്വാഡുകൾ ഏർപ്പെടുത്തിയിരുന്നു. ഏഴ് സ്ക്വാഡുകൾ ഉണ്ടായിരുന്നു. യാത്രാപ്പടി തുടങ്ങിയവ സംബന്ധിച്ച് സ്ക്വാഡംഗങ്ങൾ ക്ലൈയിം/ബില്ലുകൾ നൽകിയിട്ടില്ല. ബില്ലുകൾ പാസ്സാക്കി തുക കൈപ്പറ്റിയതിനുശേഷമേ ചെലവായ തുക കൃത്യമായി കണക്കാക്കാൻ കഴിയുകയുള്ളൂ.

(ബി) അതാതു ദിവസം സ്ക്വാഡുകൾ ശ്രദ്ധയിൽപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ടുകൾ സർക്കാരിന് അയച്ചുകൊടുക്കുകയും നടപടികൾ യഥാവസരം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്ക്വാഡംഗങ്ങൾ അപ്പപ്പോൾ ശ്രദ്ധയിൽപ്പെട്ട ക്രമക്കേടുകൾ പരീക്ഷാ സെന്ററുകളിലെ ചീഫ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം യഥാവസരം ഉണ്ടാക്കിയിട്ടുണ്ട്.

(സി) ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കേണ്ട സാഹചര്യങ്ങൾ ഉണ്ടായിട്ടില്ല.

സർക്കാർ വിദ്യാലയങ്ങളിൽ ഉണ്ടായ അദ്ധ്യാപക ഒഴിവുകൾ

99 [5079] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ഇ. എം. അഗസ്തി:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മാർച്ച് 31, 2002 മാർച്ച് 31, 2003 മാർച്ച് 31 എന്നീ തീയതികളിൽ ഗവൺമെന്റ് സ്കൂളുകളിൽ നിന്നും എത്ര റിട്ടയർമെന്റുണ്ടായി എന്നും തുടർന്ന് എത്രപേർക്ക് എച്ച്. എം. ആയി പ്രൊമോഷൻ നൽകിയെന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) ഇതിന്റെ ഫലമായി എത്ര സ്ഥിരം ഒഴിവുകൾ ഓരോ ജില്ലയിലുമുണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സ്ഥിരം ഒഴിവുകളിലേക്ക് ഓരോ ജില്ലയിൽ നിന്നും എത്രപേരെ പി.എസ്.സി.യുടെ നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമിച്ചു;

(ഡി) സ്ഥിരം ഒഴിവ് വന്നപ്പോൾ പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാതിരുന്ന പക്ഷം പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നപ്പോൾ അതിൽ നിന്നും ഓരോ ജില്ലയിലും എത്രപേരെ നിയമിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഇ) സ്ഥിരം ഒഴിവിലേക്ക് പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം കൊടുക്കാത്ത ജില്ലയുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഏത് ജില്ല; അവിടെ സ്ഥിരം ഒഴിവിലേക്ക് പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കാതിരുന്നത് എന്തുകൊണ്ടാണ്;

(ജി) അവിടെ ഈ ഒഴിവുകൾ നികത്താതെ ഇട്ടിരിക്കുകയായിരുന്നുവോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ജി) വിവരം ശേഖരിച്ചു വരുന്നു.

ടി.ടി.സി., ടി.ടി.ഐ. പ്രവേശനത്തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം

100 [5080] ശ്രീ. സി. ടി. അഹമ്മദ് അ്ലി :
„ പി. കെ. അബ്ദുറബ്ബ്:
„ ടി. പി. എം. സാഹിർ:
„ പി. കെ. കെ. ബാവ:
„ ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ പ്രൈമറി അദ്ധ്യാപക നിയമനത്തിനുവേണ്ട യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര ടി.ടി.സി. കോളേജുകളും, ടി.ടി.ഐ.കളും ഉണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ സർക്കാർ-സ്വകാര്യ മാനേജ്മെന്റ് എന്നിവയുടെ കീഴിലുള്ളവ ഏതെല്ലാമെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ പ്രവേശനത്തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തെല്ലാമാണെന്നും, നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സർക്കാർ നടത്തുന്ന എസ്.എസ്.എൽ.സി.-യും, ടി.ടി.സി.യും പാസ്സായിരിക്കണമെന്നതാണ് പ്രൈമറി ടീച്ചറുടെ യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. തത്തുല്യ യോഗ്യതയുള്ളവരെയും പരിഗണിക്കും. യു.പി. സ്കൂളിൽ ബി.എഡ്. ബിരുദം നേടിയവരെയും നിയമിക്കും. 8-6-2000-ന് ശേഷം എൽ.പി.എസ്.എ. മാരായി ബി.എഡ്.കാരെ നിയമിക്കാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly